# മയിൽപ്പീലി




പൂവുകൾ ചൂടും, കാട്ടു–
മുല്ലകൾ പേലേ നിന്റെ
ഭാവിയിൽ സൗഭാഗ്യങ്ങൾ;
മകളേ! പോകൂ വേഗം.

വടിയും കുത്തിക്കൊണ്ടീ–
ക്കതിർമണ്ഡപത്തിന്റെ–
യരികേ നില്ക്കുമ്പോഴെൻ
കണ്ണുകൾ നിറുയുന്നു.

എന്നു നീ കാണും വീണ്ടും
പനിനീരലരുകൾ
മന്ദഹാസവും തൂകി–
ത്തലയാട്ടുമീ മുറ്റം?

ദീനയായ് നില്പു കണ്ണീർ
കായ്കളിലൊളിപ്പിച്ചു
നീ നട്ടു വളർത്തിയ
മാതളച്ചെടി നോക്കു.

വേദന തളം കെട്ടി
നിന്നിടും കരളിൻെറ
പാടുകൾ തോറും പൊട്ടി
വിടരാൻ വിതുമ്പുന്ന

ചോരമൊട്ടുകളുമാ–
യങ്ങതാ നില്ക്കുന്നു നിൻ
നാട്ടുചെമ്പരത്തിയും;
യാത്ര ചോദിക്കൂ കുഞ്ഞേ!

രാവിലുമിരമ്പുമീ–
പ്പട്ടണത്തികൽപ്പോലും
ശാന്തമായുറങ്ങുന്ന
കോണിലീ മുറിക്കുള്ളിൽ

ഞാനുമെൻ സ്വപ്നങ്ങളു–
മൊത്തുചേർന്നേതോ ദിവ്യ–
മേഖലയ്ക്കുള്ളിൽക്കഴി–
ഞ്ഞീടുവാൻ കൊതിപ്പു ഞാൻ.

മാറാല മുടിക്കെട്ടി
തട്ടുകൾ; പടിഞ്ഞാറെ–
ക്കോലായിൽച്ചുമരാകെ
വിണ്ടുപോയെന്നാൽക്കൂടി

എന്തിനോ ഞാനീച്ചുറ്റു–
പാടിനെ സ്നേഹിക്കുന്നു
എന്തിനോ ഞാനീയിരുൾ
മൂലയെക്കൊതിക്കുന്നു.

വലത്തെക്കൈയിൽക്കൊച്ചു
കൈത്തിരിയേന്തിക്കൊണ്ടു
വലത്തെക്കാൽവച്ചെത്തി
ശാരദ പണ്ടീ വീട്ടിൽ.

മകളേ! നീ പോകുമ്പോ–
ളാത്തിരി കെടുന്നല്ലോ
മരവിക്കുന്നു പെട്ടെ–
ന്നിരുളേറിയെൻ ചുറ്റും.

ആയിരുൾപ്പടർപ്പിലും
പീലികൾ വിടർത്തിയെ–

ന്നോർമ്മമകളാടീടുന്നു
നെഞ്ചിടിപ്പുയരുമ്പോൾ.

മകളേ! നിനക്കായി
ഞാനടർത്തട്ടേയൊരു
തിളങ്ങും നീലപ്പീലി –
ത്തുണ്ടതിൽ നിന്നും മന്ദം.

അച്ഛൻെറ കണ്ണീരിൻെറ
വെൺമുത്തുമണികളും
ഇച്ചെറു പീലിത്തുണ്ടും
കൊണ്ടു നീ പോകൂ കുഞ്ഞേ!.

രണ്ട്

മാലതി – യങ്ങേതിലെ –
യെൻ കളിത്തോഴിക്കുള്ള
സ്മാരകമാണീ മയൽ –
പ്പീലിയെന്നോർത്തീടുമ്പോൾ

വേദനയുണർന്നീടും
കരളിൻ മാഞ്ഞീടാത്ത
പാടുകൾ തോറും വീണ്ടും
ചോര വാർന്നൊലിക്കുന്നു.

മാപ്പു നൽകില്ലേ നീയെൻ
മാലതി? നിനക്കായി
കാത്തിതു സൂക്ഷിച്ചു ഞാ –
നിന്നോളം നിധി പോലെ.

ആഗ്രഹം നുണയ്ക്കുന്ന
കൺകളും, വിണ്ണിൻ സ്നേഹ –
മാധുരി തുളുമ്പുന്ന
മന്ദഹാസവുമായി

നീയന്നു വന്നപ്പോളെൻ
മുന്നിലേയ്ക്കൊരു കൊച്ചു
വാർമഴവില്ലിൻ തുണ്ടു –
പോലിതുമുയർത്തി ഞാൻ

എന്തിനു ചൊല്ലി നിൻെറ
കൺകളിൽത്തകരുന്ന

സ്വപ്നങ്ങൾ കാണാനായി
ഞാൻ തരില്ലല്ലോ പെണ്ണേ!

കവിളത്തൊഴുകുന്ന
കണ്ണുനീരുമായൊന്നു–
മുരിയാടാതേ മന്ദം
നീ നടന്നകന്നുപോയ്.

വാടിയ പൂമാല പോ–
ലമ്മ തൻ മടിത്തട്ടിൽ
നീ തളർന്നമർന്നപ്പോൾ
ജ്വരബാധിതയായി

ആ നീണ്ട രാവിൽ, ശോക–
മൂകനായ് നിന്നേൻ നിന്റെ
ചാരത്തു; തുടിക്കയാ–
ണെൻ കരളിപ്പോൾ പോലും.

മാലതി! വന്നു രവി –
യപ്പൊഴും നനവാർന്ന
പൂകവിളൊപ്പീട്ടമ്മ
മന്ദമായോർമ്മിപ്പിക്കെ

പുഞ്ചിരി തൂകാൻ നിന്റെ
ചുണ്ടുകൾ ശ്രമിച്ചുവോ?
കണ്ടുവോ നീയെന്നപ–
രാധ നമ്രമാം മുഖം?

മാലത! നിൻ കൈയുകൾ
നീളുകയില്ലാ വീണ്ടും
ഈ മയിൽപ്പീലിത്തുണ്ടു
വാങ്ങുവാനെന്നാകിലും

ഞാനിതു സൂക്ഷിക്കുന്നു;
താളുകൾ മറിക്കുമ്പോൾ
വേദന പകർന്നാലും
നിന്നെ ഞാൻ സ്നേഹിക്കുന്നു.

മൂന്ന്

പൂവുകൾ - വാടിപ്പോയ
പൂവുകൾ കൊഴിഞ്ഞപ്പോൾ
പൂവനങ്ങളിൽ വീണ്ടും
ജീവിതം തളിരിട്ടു.

ഹേമന്തരാവിൽ ക്കുളിർ
കോരിയയോരിക്കാവിൻെറ
മോഹങ്ങൾ കൂമ്പി വീണ്ടും
മുഗ്ധ കുഡ്മളങ്ങളായ്.

യൗവനോൽസവത്തിൻെറ
സ്വപ്നങ്ങൾ നെയ്തു പുതു
വെണ്ണിലാവിനാൽ പ്പിന്നെ
ശാരദ നിശീഥിനി.

ഇരവും പകലുമാം
തൻ ചിറകടിച്ചടി-
ച്ചതിവേഗത്തിൽ പ്പറ-
ന്നകലാൻ വെമ്പി കാലം.

ലജ്ജയാൽക്കുനിഞ്ഞൊരു
കണ്ഠവുമായെൻ കതിർ-
മണ്ഡപത്തിങ്കൽ പ്പിന്നെ
ശാരദ വന്നു ചാരെ.

താലി കെട്ടുവാൻ നീണ്ടൊ-
രെൻ വിരൽത്തുമ്പിൻ സ്പർശം
പോലുമാക്കവിൾത്തട്ടിൽ
പുളകം വിതച്ചില്ലേ?

കരളിൽ സ്നേഹത്തിൻെറ
നെയ്‌വിളക്കുമായന്നെ-
ന്നിരുൾ മുറ്റിടും വീട്ടു-
മുറ്റത്തു നീ വന്നപ്പോൾ

രാഗമാധുരിയാർന്ന
ലയനിർവൃതിയുറ്റ
ഗീതകം പൊട്ടിച്ചിരി-
ച്ചങ്ങനെയുതിർന്നപ്പോൾ

ജീവിതം സ്നേഹോദാര–
മധുരം, പുളകങ്ങൾ
ചൂടിയ സൗഭാഗ്യത്തിൻ
നൃത്തവേദികയായി.

പൊൻകിനാക്കളും കൊണ്ടു
മകളേ! വന്നു നീയെൻ
സങ്കല്പം പുതു പൂക്ക–
ളണിയും വസന്തത്തിൽ.

അറിഞ്ഞീലന്നേരം ഞാൻ
മിന്നലിൻ പ്രകാശത്തിൽ
മറഞ്ഞു കിടപ്പുണ്ടു
മൃത്യുവിൻ ചെന്തീയെന്നായ്.

നാല്

താളുകൾ മറിഞ്ഞെൻറ
ജീവിതഗ്രന്ഥത്തിലി–
പ്പാടുകൾ കാണാനായി–
ക്കാത്തു നിന്നില്ലാ ലോകം.

വടിയും കുത്തിക്കൊണ്ടീ
കതിർ മണ്ഡപത്തിൻെറ–
യരികേ നിൽക്കുമ്പോഴെൻ
കണ്ണുകൾ നിറയുന്നു.

ഓർമ്മകളിന്നെൻ കരൾ
വേദനിപ്പിപ്പൂ പക്ഷേ
ജീവിതം പൂ ചൂടട്ടേ
മകളേ! നിനക്കായി.

അച്ഛൻെറ കണ്ണീരിൻെറ
വെൺമുത്തുമണികളും
ഇച്ചെറു പീലിത്തുണ്ടും
കൊണ്ടു നീ പോകൂ കുഞ്ഞേ!.

ഇന്നീലപ്പീലിച്ചുരുൾ
സൂക്ഷിച്ചു വയ്ക്കു നിൻെറ
കുഞ്ഞുമോളിതിന്നായി–
ക്കൈനീട്ടുമന്നാൾ വരെ.

പൂവുകൾ ചൂടും കാട്ടു-
മുല്ലകൾ പോലെ നിൻെറ
ഭാവിയിൽ സൗഭാഗ്യങ്ങൾ
മകളേ! പോകൂ വേഗം. ■

കൗമുദി ഓണം വിശേഷാൽപ്രതി 1955